# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ / NOVEMBER 22 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsabarimala2020@gmail.com

---

## സന്നിധാനത്ത് കാർഡിയോളജി സെന്റർ പിൻവലിച്ചെന്ന പരാമർശം തെറ്റ്: ജില്ലാ മെഡിക്കൽ ഓഫീസർ

ശബരിമല സന്നിധാനത്തു നിന്നും സഹസ് കാർഡിയോളജി സെന്റർ പിൻവലിച്ചെന്ന പരാമർശം തെറ്റാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ ഷീജ അറിയിച്ചു. മുൻ വർഷങ്ങളിൽ സന്നിധാനത്തെ ആശുപത്രിയിൽ കാർഡിയോളജി, ഐ.സി.യു എന്നിവ പൂർണമായി സജ്ജീകരിക്കാത്തതിനാൽ സഹസ് എന്ന സ്വകാര്യ സ്ഥാപനത്തിൽ ആരോഗ്യ വകുപ്പ് കാർഡിയോളജിസ്റ്റ്,ജീവനക്കാർ, മരുന്ന് എന്നിവ ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ വർഷം മുതൽ സന്നിധാനം സർക്കാർ ആശുപത്രിയിൽ ഹൃദയാഘാത ചികിൽസയ്ക്കുള്ള പൂർണ സൗകര്യങ്ങൾ ഒരുക്കിയിട്ടു ്. കാർഡിയോളജിസ്റ്റ്, മറ്റ് ഡോക്ടർമാർ, മികച്ച സൗകര്യങ്ങളുള്ള കാർഡിയോളജി, ഐ.സി.യു എന്നിവ ഇവിടെ ലഭ്യമാണ്. ഈ സീസണിൽ ഇതുവരെ 20 രോഗികളാണ് ഹൃദയാഘാതത്തെ തുടർന്ന് ചികിത്സ തേടിയത്. ഇതിൽ 16 പേരുടെ ആരോഗ്യം വീ ടുത്തു. ഈ സീസണിൽ ഹൃദ്രോഗം മൂലം മരിച്ച നാലു പേർക്കും ആശുപത്രിയിൽ കാർഡിയോളജിസ്റ്റിന്റെ വിദഗ്ധ ചികിത്സ നൽകിയിരുന്നു. ചികിത്സ ലഭിക്കാതെ മരിച്ചു എന്ന വാർത്ത വാസ്തവ വിരുദ്ധമാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

സന്നിധാനത്തെ ആശുപത്രിയിൽ ര ാമത്തെ നിലയിൽ സജീകരിച്ചിരുന്ന ഐ.സി.യു, വെന്റിലേറ്റർ സൗകര്യം തീർഥാടകർക്കായി താഴത്തെ നിലയിലേക്ക് മാറ്റി സ്ഥാപിച്ചു. ഐ.സി.യുവിൽ മൂന്നു ബെഡുകളും ജനറൽ വാർഡിൽ പുരുഷന്മാർക്കായി നാലു ബെഡുകളും സ്ത്രീകൾക്കായി ര ു ബെഡുകളും ഇവിടെയു ്. പത്തു ഡോക്ടർമാരും എട്ടു സ്റ്റാഫ് നേഴ്സും ര ു ലാബ് ടെക്നിഷ്യന്മാരും അറ്റന്റർമാരും അടങ്ങുന്ന സംഘത്തിന്റെ സേവനം 24 മണിക്കൂറും സന്നിധാനം സർക്കാർ ആശുപത്രി ലഭ്യമാണ്.

***(പി.ആർ. ശബരി-41)***

## മിന്നൽ പരിശോധന : 14000 രൂപ പിഴ ചുമത്തി

പമ്പയിൽ പ്രത്യേക സ്ക്വാഡുകൾ നടത്തിയ മിന്നൽ പരിശോധനയിൽ ക്രമക്കേട് ക ത്തിയ നാല് കേസുകളിലായി 14000 രൂപ പിഴ ചുമത്തി. തീർത്ഥാടകരിൽ നിന്ന് അമിത ചാർജ് വാങ്ങിയതിനും ടോയ്ലറ്റ് ബ്ലോക്കിനും ക്ലോക്ക് റൂമിനും 5000 രൂപ വീതവും ത്രാസുകളിൽ മുദ്ര പതിപ്പിക്കാത്തതിനും ര ് കേസുകളിലായി 2000 രൂപ വീതവുമാണ് പിഴ ചുമത്തിയത്. ഹോട്ടലുകളിലും പാത്രക്കടകളിലും പരിശോധനകൾ തുടരുന്നു. ലൈൻസ് തൊഴിലാളികളുടെ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇല്ലാത്ത ഹോട്ടലുകൾക്ക് അവ അടിയന്തിരമായി ഹാജരാക്കാൻ നിർദേശം നൽകിയതായി പമ്പ ഡ്യൂട്ടി മജിസ്ട്രേറ്റ് എം ടി അനിൽകുമാർ അറിയിച്ചു.

***(പി.ആർ. ശബരി-42)***

## ശബരിമല തീർഥാടനം: നിലയ്ക്കലിൽ കാട്ടുമൃഗങ്ങളിൽ നിന്നും രക്ഷനേടാൻ സോളാർ വൈദ്യുതിവേലി

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് നിലയ്ക്കലിൽ ഡ്യൂട്ടിക്കെത്തുന്ന കെ.എസ്.ആർ.ടി.സി, പോലീസ് ജീവനക്കാരുടെ താത്കാലിക താമസസൗകര്യം ഒരുക്കിയിടത്ത് കാട്ടാന, കാട്ടുപന്നി എന്നിവയുടെ ആക്രമണം പതിവായ സാഹചര്യത്തിൽ സോളാർ വൈദ്യുത വേലി(സോളാർ ഫെൻസിംഗ്) സ്ഥാപിച്ചു.

ഒരു കിലോമീറ്റർ ചുറ്റളവിൽ ഹൈ ഡി.സി വോൾട്ടേജുള്ള സോളാർ വൈദ്യുത വേലിയാണു പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം സ്ഥാപിച്ചിരിക്കുന്നതെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മാത്യു ജോൺ പറഞ്ഞു. മൂന്നു ലക്ഷം രൂപയാണ് ഇതിന്റെ ചെലവ്. ഈ വൈദ്യുത വേലിക്ക് കാട്ടുമൃഗങ്ങളെ ആ പ്രദേശത്തേക്കു കടക്കാൻ കഴിയാത്ത രീതിയിൽ തടയാനാകും. മാത്രമല്ല കാട്ടുമൃഗങ്ങൾക്കു വൈദ്യുതി വേലികൊ ് അപകടമു ാകുകയുമില്ലെന്നും അദ്ദേഹം പറഞ്ഞു.

***(പി.ആർ. ശബരി-43)***

# ശബരീശ സന്നിധിയിൽ വഴിപാടുകൾക്ക് തിരക്കേറുന്നു

ചെലവ് കൊ  ും പ്രാധാന്യം കൊ  ും ശബരിമലയിലെ പ്രധാന വഴിപാടായ പടിപൂജ പുനരാരംഭിച്ചതോടെ വഴിപാടിനുള്ള തിരക്കേറുന്നു. ഇതുവരെ 2037 വരെയുള്ള പടിപൂജ വഴിപാട് ബുക്കിങ്ങായിക്കഴിക്കുന്നു. പ്രളയകാലത്ത് മുടങ്ങിപ്പോയ പടിപൂജയാണ് ഭക്തരുടെ സൗകര്യംകൂടി കണക്കിലെടുത്ത് മണ്ഡലകാലത്തിനുള്ളിൽ പൂർത്തിയാക്കാൻ ദേവസ്വം തീരുമാനിച്ചത്. നവംബർ മൂന്ന് മുതൽ 26വരെയുള്ള ദിവസങ്ങളിൽ ശനിയും ഞായറും ഒഴിച്ച് പടിപൂജ നടത്തി മുടങ്ങിയ വഴിപാട് പൂർത്തീകരിക്കുകയാണ് ലക്ഷ്യം. മുൻകൂട്ടി ബുക്ക് ചെയ്ത് മാത്രം ചെയ്യാൻ കഴിയുന്ന വഴിപാടായതിനാൽ വലിയ തിരക്കാണ് പടിപൂജ വഴിപാടിന് അനുഭവപ്പെടുന്നത്. സന്നിധാനത്തിലേക്കുള്ള പതിനെട്ട് പടികളും 18 ഋഷിമാരെ സങ്കൽപ്പിച്ച് അവർക്ക് പ്രത്യേക കലശവും നിവേദ്യവും തന്ത്രി നേരിട്ട് സമർപ്പിക്കുന്ന വഴിപാടാണിത്. ഈ വഴിപാട് നേരത്ത് പതിനെട്ടാം പടിയിലേക്കുള്ള ഭക്തജന സഞ്ചാരം ഒരു മണിക്കൂറിലേറെ നേരം തടസ്സപ്പെടുന്നതിനാൽ മണ്ഡലകാലത്ത് പടിപൂജ നടത്താറില്ല. മറ്റ് പൂജകളുടെ നേരത്താണിത് കൃത്യമായും ചെയ്യാറ്. എന്നാൽ 2018ലെ പ്രളയം കാര്യങ്ങൾ അവതാളത്തിലാക്കിയതോടെ നേരത്തെ ബുക്ക് ചെയ്തവരുടെ പടിപൂജ വഴിപാട് തടസ്സപ്പെട്ടു. അത് പരിഹരിക്കുന്നതിന്റെ ഭാഗമായാണിപ്പോൾ പടിപൂജ തുടങ്ങിയത്. 75000രൂപയാണ് വഴിപാട് തുക.

മുൻകൂട്ടി ബുക്ക് ചെയ്ത് മാത്രം നടത്താൻ കഴിയുന്ന നിരവധി വഴിപാടുകളാണ് ശബരീസന്നിധിയെ വ്യത്യസ്തമാക്കുന്നത്. ഉദയാസ്തമനപൂജ, കളഭം, സഹസ്രകലശം, ലക്ഷാർച്ചന എന്നീ വഴിപാടുകളാണവ. ഉദയാസ്തമന പൂജയ്ക്ക് നാൽപ്പതിനായിരം പൂജയും കളഭത്തിന് കളഭമൊഴികെ ആറായിരം രൂപയും സഹസ്രകലശത്തിന് അമ്പതിനായിരം രൂപയും ലക്ഷാർച്ചനയ്ക്ക് എണ്ണായിരം രൂപയുമാണ് ബുക്കിങ് തുക. ഇതിൽ കളഭം മാത്രമാണ് എല്ലാ ഉൽസവകാലത്തും നടത്തുന്ന വഴിപാട്. മറ്റുള്ളവ മാസപൂജാ സമയത്ത് മാത്രമാണ് നടത്തുക.

സന്നിധാനത്തെത്തുന്ന ഭക്തർക്ക് തൽസമയം രസീതെടുത്ത് നടത്താൻ കഴിയുന്ന വഴിപാടുകളും അയ്യപ്പസന്നിധിയിലു ്. പുഷ്പാഭിഷേകം, അഷ്ടാഭിഷേകം, തങ്കഅങ്കി ചാർത്ത് എന്നിവയാണവ. ഇതിൽ അഷ്ടാഭിഷേകം രാവിലെയാണ് നടത്തുക. അയ്യായിരം രൂപ രസീത് വേ  വഴിപാടിൽ നാലുപേർക്ക് സോപാനത്തിൽ നേരിട്ട് തൊഴുത് വഴിപാട് നടത്താം.

വൈകുന്നേരം ആറേ മുക്കാൽ മുതൽ 9 വരെയാണ് പുഷ്പാഭിഷേകം നടക്കുക. പതിനായിരം രൂപയാണ് വഴിപാട് തുക. നേരിട്ട് വഴിപാട് ക ്  തൊഴാൻ സോപാനത്തിൽ ആറുപേരെ അനുവദിക്കും. പനനീർ, തെച്ചി, തുളസി, അരളി തുടങ്ങിയ പൂക്കളാണ് പുഷ്പാഭിഷേകത്തിന് ഉപയോഗിക്കുക. ഒൻപതിനായിരം രൂപയാണ് തങ്കഅങ്കി ചാർത്താനുള്ള വഴിപാട് തുക. ഇങ്ങനെ അയ്യപ്പപ്രീതിക്കും ഭക്തിസാക്ഷാത്കാരത്തിനുമായി നിരവധി വഴിപാടുകളാണ് ശബരിമലയിൽ ഭക്തജനങ്ങൾക്കായി ഒരുക്കിയിട്ടുള്ളത്.

***(പി.ആർ. ശബരി-44)***

## സന്നിധാനത്തെ കടകളിൽ പരിശോധന: പിഴയീടാക്കിയത് 37000 രൂപ

സന്നിധാനത്ത് വിവിധകടകളിൽ നടന്ന പരിശോധനയിൽ ക്രമക്കേടുകൾ ക െ ത്തിയതിനെ തുടർന്ന് 37000രൂപ പിഴയീടാക്കി. ഹോട്ടലുകളിൽ നിന്ന് പഴകിയതും കാലാവധി കഴിഞ്ഞതുമായ ഭക്ഷ്യവസ്തുക്കൾ പിടിച്ചെടുത്ത് നശിപ്പിച്ചു. വിലവിവരപ്പട്ടിക എല്ലാവർക്കും കാണുന്ന രീതിയിൽ പ്രദർശിപ്പിക്കണമെന്ന് കടയുടമകൾക്ക് കർശന നിർദേശം നൽകി. ഡ്യൂട്ടി മജിസ്ട്രേറ്റ് കെ ചാമിക്കുട്ടി, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് പി ശുഭൻ എന്നിവരുടെ നേതൃത്വത്തിലുള്ള സ്ക്വാഡാണ് പരിശോധന നടത്തിയത്.

***(പി.ആർ. ശബരി-45)***

.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ / NOVEMBER 22 | 2019 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsabarimala2020@gmail.com

---

### സന്നിധാനത്ത് തിരക്കേറിത്തുടങ്ങി: ഇതുവരെ മല ചവിട്ടിയത് ര രലക്ഷത്തിലേറെ പേർ

മണ്ഡലകാല മകരവിളക്കുൽസവത്തിന്റെ ഭാഗമായി വൃശ്ചികം ഒന്നിന് നട തുറന്ന് അഞ്ച് ദിനങ്ങൾ പിന്നിടുമ്പോൾ ശബരിമലയിൽ ദർശന സൗഭാഗ്യം തേടിയെത്തിയത് ര രലക്ഷത്തിലേറെ ഭക്തജനങ്ങൾ. 12സീറ്റ് വരെയുള്ള സ്വകാര്യ ടാക്സി വാഹനങ്ങൾ പമ്പയിലേയ്ക്ക് കടത്തിവിടാൻ തീരുമാനിച്ചതും തീർത്ഥാടകർക്ക് അനുഗുണമായെന്ന് വിലയിരുത്തൽ. ഇന്നും നാളെയും തീർത്ഥാടകരുടെ എണ്ണത്തിൽ വലിയ കുതിപ്പു ാകുമെന്നാണ് ദേവസ്വം അധികൃതരും പോലീസും കരുതുന്നത്. തീർത്ഥാടകർക്കായി വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ദാഹിച്ച് വലയുന്നവർക്ക് സൗജന്യ ഔഷധകുടിവെള്ള വിതരണം, അന്നദാന മണ്ഡപത്തിലെ അന്നദാനം, സ്ട്രെക്ചർ സർവീസ്, സന്നിധാനം സർക്കാർ ആശുപത്രിയിലെ കാർഡിയോളജി യൂനിറ്റ്, ആയുർവേദ-ഹോമിയോ ചികിൽസ സൗകര്യങ്ങൾ, കർമ്മനിരതരായ വിശുദ്ധി സേനാംഗങ്ങളുടെ ശുചീകരണം, വിരിവെക്കാനുള്ള വിപുലമായ ഇടങ്ങൾ, നവീകരിച്ച പൊതുശൗചാലയങ്ങൾ തുടങ്ങി വിപുലമായ സൗകര്യങ്ങളാണുള്ളത്. മലയാളം, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, കന്നട, ഹിന്ദി ഭാഷകളിലെ വിശദമായ അറിയിപ്പുകളും നിർദേശങ്ങളും വിവിധ സംസ്ഥാനങ്ങളിലെ തീർത്ഥാടകർക്ക് ഏറെ ഗുണം ചെയ്യുന്നു ്.

(പി.ആർ. ശബരി–46)

## നിലയ്ക്കലിൽ മൊബൈൽ എ.ടി.എം കൗ റുകൾ സജ്ജമായി

നിലയ്ക്കലിൽ അയ്യപ്പഭക്തന്മാർക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈൽ എ.ടി.എം കൗ റുകൾ സജ്ജമായി. കാനറാ ബാങ്ക്, എസ്.ബി.ഐ ബാങ്ക്, കേരളാ ഗ്രാമീൺബാങ്ക് എന്നീ ബാങ്കുകളാണ് മൊബൈൽ എ.ടി.എമ്മുകൾ എത്തിച്ചിട്ടുള്ളത്. വിവിധസ്ഥലങ്ങളിൽ നിന്നായി അനവധി ഭക്തരെത്തുന്ന നിലയ്ക്കലിൽ എ.ടി.എം. കൗ റുകൾ അപര്യാപ്തമാണെന്ന് ജില്ലാ അധികൃതർ അറിയിച്ചതിനെ തുടർന്നാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈൽ എ.ടി.എമ്മുകൾ നിലയ്ക്കലിൽ എത്തിച്ചതെന്ന് ജില്ലാ ലീഡ് ബാങ്ക് മാനേജർ വി. വിജയകുമാരൻ പറഞ്ഞു. ജില്ലാ ഭരണകൂടം ആവശ്യപ്പെടുന്ന പക്ഷം പമ്പ ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ മൊബൈൽ എ.ടി.എമ്മുകൾ എത്തിക്കുമെന്നും അദ്ദേഹം അറിയിച്ചു.

(പി.ആർ. ശബരി–47)

## സെയ്ഫ്സോൺ വക മുന്നറിയിപ്പ് ബോർഡുകൾ

സംസ്ഥാന മോട്ടോർ വാഹനവകുപ്പിന്റെയും റോഡ് സേഫ്റ്റി അതോറിറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ നിലയ്ക്കൽ, ചാലക്കയം റൂട്ടിൽ ഇലവുങ്കൽ ഭാഗത്ത് റോഡ് സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചു. നിലയ്ക്കലിൽ നിന്നും പമ്പയിലേക്ക് 15 സീറ്റുവരെയുള്ള വാഹനങ്ങൾ കടത്തിവിടാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണി മുൻകരുതൽ. റോഡുകളിലേക്ക് ഞാന്നു കിടക്കുന്ന വള്ളിപ്പടപ്പുകൾ, താഴ്ന്ന വൃക്ഷശിഖരങ്ങൾ വളവുകളിലെ കാഴ്ച മറയ്ക്കുന്ന കാട്ടുചെടിപ്പടർപ്പുകൾ എന്നിവയും നീക്കം ചെയ്തു. സെയ്ഫ് സോൺ സ്പെഷ്യൽ ഓഫീസർ പി.സി. സുനിൽബാബു നേതൃത്വം നൽകി.

(പി.ആർ. ശബരി–48)

## ശബരിമല ഇന്നത്തെ ചടങ്ങുകൾ (23.11.19 )

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
പുലർച്ചെ 3 മണിനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം.
3.30 ന് ഗണപതിഹോമം
പുലർച്ചെ3.20 മുതൽ ഉച്ചക്ക് 11.30 വരെ നെയ്യഭിഷേകം
രാവിലെ 7.30 ന് ഉഷപൂജ

7.45 മുതൽ 9 മണി വരെ ഉദയാസ്തമന പൂജ
ഉച്ചയ്ക്ക് 12.30ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും.
വൈകുന്നേരം 4 മണിയ്ക്ക് നട തുറക്കും
വൈകീട്ട് 6.30ന് ദീപാരാധന
6.45 മുതൽ 7.45 വരെ പടിപൂജ
രാത്രി 8ന് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.